# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2383** **01/04/2013 ൽ മറുപടിക്ക്**

**നിരോധിക്കപ്പെട്ട അനസ്തേഷ്യ മരുന്ന്**

**ചോദ്യം** **മറുപടി**

**ശ്രീ. ആർ. രാജേഷ്**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന 'ബൂപിവാ കെയിൻ ഇൻഡെക്സ്ട്രോസ്' ഇൻജക്ഷൻ നിരോധിക്കപ്പെട്ട അനസ്തേഷ്യ മരുന്നാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരോധിക്കപ്പെട്ടിട്ടില്ല. |
| (ബി) | അനസ്തേഷ്യ ഡോക്ടർമാർ നേരത്തെ തന്നെ പരാതി ഉന്നയിച്ചിട്ടും അധികൃതർ ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്; | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത പ്രസ്തുത മരുന്നിന്റെ ഒരു ബാച്ചിനെപ്പറ്റി പരാതി ലഭിച്ചപ്പോൾത്തന്നെ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിറുത്തി വയ്ക്കുന്നതിനുള്ള ഉത്തരവ് നൽകുകയും അവയുടെ ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത ലാബുകളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഗുണനിലവാരമില്ലാത്ത മരുന്നുകൾ നട്ടെല്ലുവഴി ഇഞ്ചക്ഷൻ നടത്തുന്നതു മൂലം രോഗിയുടെ ജീവനുതന്നെ ഭീഷണിയുയരുന്ന കാര്യം സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ? | (സി) | ഗുണ നിലവാരമില്ലാത്ത മരുന്നുകൾ സർക്കാർ തലത്തിൽ വിതരണം ചെയ്യാറില്ല |

സെക്ഷൻ ഓഫീസർ